കൃഷിവികസന ആഫീസ് കെട്ടിടങ്ങളും ഡമോൺസ്ട്രേറ്റർ ഓഫീസ് കെട്ടിടങ്ങളും

1003. [1460] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രെയിനിംഗ് ആൻറ് വിസിറ്റ് പരിപാടിപ്രകാരം സംസ്ഥാനത്ത് എത്ര കൃഷിവികസന ഓഫീസ് കെട്ടിടങ്ങളും ഡമോൺസ്ട്രേറ്റർ ഓഫീസ് കെട്ടിടങ്ങളും പണിയുകയുണ്ടായിയെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇവയിൽ കണ്ണൂർ ജില്ലയിൽപ്പെട്ടവ എത്ര ;

(സി) കണ്ണൂർ ജില്ലയിൽ ഈ വിഭാഗത്തിൽ ഇനി എത്ര കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കാനുണ്ട് ?

ഉത്തരം

(എ) ട്രെയിനിംഗ് ആൻറ് വിസിറ്റ് പദ്ധതി പ്രകാരം കൃഷിവികസന ഓഫീസ് കെട്ടിടങ്ങളും ഡമോൺസ്ട്രേറ്റർമാർക്ക് ഓഫീസ് കെട്ടിടങ്ങളും പണിയുന്നതിന് പരിപാടിയില്ല. എന്നാൽ പ്രസ്തുത പരിപാടിയിൽ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന അഗ്രികൾച്ചറൽ ഓഫീസർമാർക്കും അഗ്രികൾച്ചറൽ ഡമോൺസ്ട്രേറ്റർമാർക്കും താമസിക്കുന്നതിന് ഓഫീസ് കം റസിഡൻസുകൾ പണിയുന്നുണ്ട്. ഇതിൽ ആഫീസർമാർക്കുള്ള 87 കെട്ടിടങ്ങളും ഡെമോൺസ്ട്രേറ്റർമാർക്കുള്ള 347 കെട്ടിടങ്ങളും പണി പൂർത്തിയായിട്ടുണ്ട്.

(ബി) 46.

(സി) 12.

കേര കൃഷിക്കാർക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ നൽകിയ വായ്പ

1004. [1461] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കേരകൃഷിക്കാർക്ക് കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എത്ര രൂപ മൊത്തം വായ്പ നൽകിയിട്ടുണ്ടെന്നും അവയുടെ ജില്ലതിരിച്ചുള്ള കണക്കുകൾ എത്രയാണെന്നും അറിയുമോ ;

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ സെപ്റ്റംബർ 30 വരെ കേരകൃഷിക്കാർക്ക് മൊത്തം എത്ര രൂപ വായ്പ നൽകിയിട്ടുണ്ടെന്നും അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ എന്താണെന്നും പറയാമോ ?

ഉത്തരം

(എ) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ കഴിഞ്ഞ 3 വർഷങ്ങളിലായി സംസ്ഥാനത്തെ കേര കൃഷിക്കാർക്ക് 326.65 ലക്ഷം രൂപ വായ്പയായി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്. †

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ സംസ്ഥാനത്തെ കേര കൃഷിക്കാർക്ക് 1986 ജൂലൈ 31 വരെ 66.79 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്. സെപ്റ്റംബർ 30 വരെയുള്ള കണക്കുകൾ തയ്യാറായിട്ടില്ല. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം III-ൽ ചേർത്തിട്ടുണ്ട്. †

പുല്ലൂർ സീഡ്ഫാം

1005. [1462] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിലെ പുല്ലൂർ സീഡ് ഫാമിനു് ആവശ്യമായ ഫണ്ട് ലഭിക്കാത്തതുകൊണ്ട് പ്രവർത്തിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആവശ്യത്തിനനുസരിച്ച് ഈ സീഡ്ഫാം കാര്യക്ഷമമായി പ്രവർത്തിക്കുവാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) ഫണ്ട് ലഭിക്കാത്തതുകൊണ്ട് പുല്ലൂർ സീഡ്ഫാം പ്രവർത്തിക്കുന്നില്ലെന്ന് പറയുന്നത് ശരിയല്ല.

(ബി) നടപ്പു സാമ്പത്തികവർഷം സംസ്ഥാനത്തെ 34 സീഡ് ഫാമുകളുടെ പ്രവർത്തനത്തിനുവേണ്ടി ബഡ്ജറിൽ വകയിരുത്തിയിട്ടുള്ള 75.1 ലക്ഷം രൂപയിൽ 4.2 ലക്ഷം രൂപയും പുല്ലൂർ സീഡ്ഫാമിനാണ് അനുവദിച്ചത്. ഈ വിത്തുൽപ്പാദനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് ഈ തുക മതിയാകും.

ബി. എസ്. സി. (ഫോറസ്ട്രി കോഴ്സ്)

1006. [1463] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ ബി. എസ്. സി. (ഫോറസ്ട്രി) കോഴ്സ് ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ ;

(സി) ഈ കോഴ്സിനുള്ള പ്രവേശനത്തിന്റെ മാനദണ്ഡം എന്താണ് ;

(ഡി) ഇത് എത്ര വർഷത്തെ കോഴ്സാണ് ;

(ഇ) ഈ കോഴ്സ് പൂർത്തിയായി വരുന്നവർക്ക് കേരളത്തിലെ ഫോറസ്റ്റ് വകുപ്പിന്റെ കീഴിൽ റയിഞ്ചറായി ജോലി ലഭിക്കാൻ അർഹതയുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ യും ബി യും) ഇതുവരെ ആരംഭിച്ചിട്ടില്ല.

(സി) മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ് .

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ (1461) കാണുക]

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ 1983-84, 1984-85, 1985-86 കേര കർഷകർക്ക് വായ്പ കൊടുത്തതിന്റെ ജില്ല തിരിച്ചുള്ള കണക്ക്.

ക്രമ നമ്പർ	ജില്ല	1983-84	1984-85	1985-86
		(അനുവദിച്ച തുക അക്ഷരത്തിൽ)		
1	തിരുവനന്തപുരം	9.87	7.78	3 83
2	കൊല്ലം	2.91	2.66	0.97
3	പത്തനംതിട്ട	4.72	3.17	1.97
4	ആലപ്പുഴ	11.94	13.59	7.21
5	കോട്ടയം	16.24	15.73	9.87
6	ഇടുക്കി	5.83	4.88	2.36
7	എറണാകുളം	..	..	0.60
8	തൃശ്ശൂർ	14.15	14.09	5.65
9	പാലക്കാട്	13.32	12.11	7.02
10	മലപ്പുറം	15.61	10.76	6.39
11	വയനാട്	4.72	3.15	2.44
12	കോഴിക്കോട്	18.18	11.74	6.58
13	കണ്ണൂർ	19.15	13.65	8.86
14	കാസർകോട്	6.38	4.13	3.04
	ആകെ	143.02	116.84	66.79

അനുബന്ധം II

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1461 കാണുക

നടപ്പു സാമ്പത്തികവർഷത്തിൽ (1986-87) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ 1986 ജൂലൈ 31 വരെ കേര കൃഷിക്കാർക്ക് നൽകിയ വായ്പയുടെ ജില്ലതിരിച്ചുള്ള കണക്ക്.

ക്രമ നമ്പർ	ജില്ല	വായ്പ നൽകിയ തുക ലക്ഷത്തിൽ
1	തിരുവനന്തപുരം	3.83
2	കൊല്ലം	0.97
3	പത്തനംതിട്ട	1.97
4	ആലപ്പുഴ	7.21
5	കോട്ടയം	9.87
6	ഇടുക്കി	2.36
7	എറണാകുളം	0.60
8	തൃശ്ശൂർ	5.65
9	പാലക്കാട്	7.02
10	മലപ്പുറം	6.39
11	വയനാട്	2.44
12	കോഴിക്കോട്	6.58
13	കണ്ണൂർ	8.86
14	കാസർകോട്	3.04
	ആകെ	66.79

LIBRARY ARCHIVES Kerala Legislative Assembly